**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3210** **11-03-2025 - ൽ മറുപടിയ്ക്ക്**

**ഫയലുകൾ കൈകാര്യം ചെയ്യുന്നതിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. ടി. വി. ഇബ്രാഹിം ,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിലും അനുബന്ധ ഓഫീസുകളിലും ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വ്യാപകമായ ക്രമക്കേടുകളും കെടുകാര്യസ്ഥതയും നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ബി) | എയ്ഡഡ് ഹയർസെക്കണ്ടറി സ്കൂളുകളിലെ അധ്യാപക നിയമനം, അധ്യാപകരുടെ ആനുകൂല്യങ്ങൾ പാസ്സാക്കി നൽകൽ, മാനേജ്മെന്റുകൾക്കുള്ള ഗ്രാന്റ് അനുവദിച്ചു നൽകൽ എന്നിവയ്ക്ക് വൻതോതിൽ കൈക്കൂലി ചോദിച്ചു വാങ്ങുന്നുവെന്ന ആക്ഷേപത്തിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | എയ്ഡഡ് ഹയർസെക്കന്ററി സ്കൂളുകളിലെ നിയമനാംഗീകാരം,ആനുകൂല്യങ്ങൾ പാസാക്കി നൽകൽ എന്നിവയുമായി ബന്ധപ്പെട്ട് റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ഉദ്യോഗസ്ഥർക്കെതിരെ ഒറ്റപ്പെട്ട രീതിയിൽ ഉള്ള പരാതികൾ ലഭിക്കുകയും ആയതിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | ഫയലുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1960 -ലെ കെ.സി.എസ് (സി.സി&.എ) ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ